(ബി) വിഭജനത്തിന്റെ മാനദണ്ഡം എന്തായിരുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) പതിനഞ്ച്.

(ബി) ഭരണപരമായ സൗകര്യം, ജനസംഖ്യ, വിസ്തീർണ്ണം, സാമ്പത്തിക ഭദ്രത മുതലായവയാണ് പഞ്ചായത്ത് വിഭജനത്തിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ.

ഡോക്ടർമാരുടെ സ്ഥലംമാറ്റം

* 79 [87] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ഡോക്ടർമാരുടെ സ്ഥലം മാറ്റത്തിന് ഗവൺമെൻറ് എന്തെങ്കിലും മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) അവ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ എന്താണതിന് കാരണം;

(ഡി) അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ഡോക്ടർമാരുടെ സ്ഥലമാറ്റങ്ങൾ നടത്തിയതായി പരാതികൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. പ്രഭാകരൻ:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ വിശദമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

കൊക്കോക്ക് വിപണന സൗകര്യം

* 80 [88] ശ്രീ. കെ. സുകുമാരനുണ്ണി:

,, കെ. പി. നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കോ കൃഷി ഇപ്പോൾ എത്ര ഏക്കർ സ്ഥലത്ത് നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്;

(ബി) 1979–80 വർഷത്തിൽ എത്ര ഏക്കർ സ്ഥലത്തുകൂടി കൊക്കോ കൃഷി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly